ഉത്തരം

(എ) 30.6.1998-ലെ സ.ഉ.(ആ.)നം. 614/96/പൊ.മ.വ. പ്രകാരം 305 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവേസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി അലൈൻമെന്റ് പ്ലാൻ ഡി.ആർ.ഐ.ക്യു. ചീഫ് എഞ്ചിനീയർക്ക് അയച്ചിട്ടുണ്ട്.

(ബി)&(സി) ഉണ്ട്. ചീഫ് എഞ്ചിനീയറുടെ 21.10.1996-ലെ സി6/60782/96.സി നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പാലത്തിന്റെ പണിക്കു വേണ്ടി 21.6.1999-ലെ സ.ഉ.(ആ.) നം. 591/99/പൊ.മ.വ. പ്രകാരം പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്, ധർമ്മടം ഗ്രാമവാസികൾക്കുവേണ്ടി മേലൂർ കലാമന്ദിരം വായനശാല, മമ്മാക്കുന്ന് മേലൂർ- പാറപ്രംകടവ് പാലം സാംഗ്ഷൻ കമ്മിറ്റി മുതലായവരിൽ നിന്നും ഹർജികൾ ലഭിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ ടി പാലത്തിന്റെ നിർമ്മാണത്തിന് തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. എന്നാൽ ആർ.ഐ.ഡി.എഫ്. 5ന്റെ കീഴിലുള്ള നബാർഡിന്റെ സഹായത്തോടെ നടത്തുന്ന പണികളുടെ കൂട്ടത്തിൽ ഈ പണിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

വളയംതോട് പാലം

105 (888)ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ വളയംതോട് പാലത്തിന്റെ നിർമ്മാണം തുടങ്ങുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം തുടങ്ങുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. ഗുരുവായൂർ നിയോജക മണ്ഡലത്തിലെ വളയംതോട് പാലത്തിന്റെ നിർമ്മാണത്തിനുള്ള നിർദ്ദേശം ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ മാറ്റി വച്ചിരിക്കുകയാണ്.

ഓണക്കൂർ പാലം പണി

106 (889)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽപ്പെടുന്ന ഓണക്കൂർ പാലത്തിന്റെ പണികൾ എന്നാണ് ആരംഭിച്ചത്;

(ബി) ഈ പാലത്തിന്റെ പണികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) എന്നത്തേക്ക് ഈ പാലത്തിന്റെ പണി പൂർത്തിയാക്കി ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത പാലത്തിന്റെ പണി 23.11.1994-ൽ ആരംഭിച്ചു.

(ബി) പാലം പണി പൂർത്തിയായി അപ്രോച്ച് റോഡിന്റെ പണി പുരോഗതിയിലാണ്.

(സി) ഈ സാമ്പത്തിക വർഷംതന്നെ പണി പൂർത്തിയാക്കി ഗതാഗതത്തിനു തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ജഗതി പാലം

107 (890)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജഗതി പാലത്തിന്റെ വീതി വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എത്ര തുകയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) പാലം വീതി കൂട്ടൽ സംബന്ധിച്ച പ്രാരംഭ നടപടി എത്രമാത്രം പൂർത്തിയായിട്ടുണ്ട്;

(ഡി) ജഗതി പാലത്തിന്റെ വീതികൂട്ടൽ പണി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) 6 ലക്ഷം രൂപ.

(സി) പാലത്തിന്റെ പൊതുവായ രൂപകല്പന തയ്യാറാക്കിവരുന്നു.

(ഡി) 2001-ൽ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഓട നിർമ്മാണത്തിന് വിലക്ക്

108 (891)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ വശത്ത് ഓടയോ സംരക്ഷണഭിത്തിയോ നിർമ്മിക്കുവാൻ സർക്കാർ എന്തെങ്കിലും വിലക്കുകൾ ഏർപ്പെടുത്തിയിട്ടുള്ളതായി അറിയുമോ;

(ബി) എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(സി) സർക്കാരിൽനിന്നും പ്രസ്തുത വിലക്ക് ഉണ്ടായശേഷം എത്ര ഓടകൾ നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കാലവർഷക്കെടുതികൾ കാരണം പല റോഡുകളുടേയും തകർച്ച പരിഗണിച്ച് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പ്രസ്തുത വിലക്ക് പിൻവലിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly